# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3105** | **10/05/2017-ൽ മറുപടിക്ക്**

## പകർച്ചവ്യാധികൾ

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.അനൂപ് ജേക്കബ്** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്ത് പകർച്ചവ്യാധികൾ പിടിപെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഉണ്ടെങ്കിൽ ഏതെല്ലാംതരം പകർച്ച-വ്യാധികളാണ് ഇപ്പോൾ പടർന്നുപിടിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) | ഡെങ്കിപ്പനി, എച്ച്1 എൻ1 പനി |
| സി) | ഇതിനെതിരെ എന്തെല്ലാം പ്രതിരോധ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | സി) | **ഡെങ്കിപ്പനി**<br>ആരോഗ്യ സന്നദ്ധ പ്രവർത്തകർ ഗൃഹസന്ദർശനം നടത്തി കൊതുകിന്റെ ഉറവിടങ്ങൾ കണ്ടുപിടിച്ച് ഇല്ലാതാക്കി വരുന്നുണ്ട്. കൊതുക് ഉറവിട നശീകരണ ക്യാമ്പെയിനുകളും ആഴ്ചയിൽ ഒരിക്കലുള്ള ഡ്രൈഡേ ആചരണവും ഡെങ്കിപ്പനി നിയന്ത്രണത്തിന് ചെയ്തുവരുന്നു. ഏപ്രിൽ 24 മുതൽ 27 വരെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കൊതുകുകളുടെ നശീകരണത്തിനായി ഒരു തീവ്രയജ്ഞം നടത്തുകയുണ്ടായി.<br>**എച്ച്1 എൻ1 പനി**<br>രോഗബാധിതർക്ക് എ.ബി.സി ചികിത്സാ മാർഗ്ഗരേഖകൾക്കനുസരിച്ച് ചികിത്സ സർക്കാർ ആശുപത്രികളിൽ സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. ഇതിനുള്ള ഒസൽട്ടാമിവിർ ഗുളിക കെ.എം.എസ്.സി.എൽ മുഖേനയും കാരുണ്യ ഫാർമസി സ്റ്റോറുകൾ വഴിയും ആവശ്യത്തിന് ലഭ്യമാക്കിയിട്ടുണ്ട്. രോഗസ്ഥിരീകരണത്തിന് തൊണ്ടയിലെ സ്രവസാമ്പിൾ പരിശോധനയ്ക്ക് മണിപ്പാലിലെ വൈറോളജി റിസർച്ച് |

സെന്ററിൽ കൂടി സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്

**ഡി)** പകർച്ചവ്യാധിയുമായി ബന്ധപ്പെട്ട് രോഗനിർണ്ണയം നടത്തുന്നതിനുള്ള സൗകര്യം എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണോ;

**ഡി)** എല്ലാ ജില്ലകളിലേയും സി.എച്ച്.സി മുതൽ മേൽപ്പോട്ടുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയത്തിനുള്ള സൗകര്യങ്ങൾ ലഭ്യമാണ്.

**ഇ)** ഇല്ലെങ്കിൽ ഏതെല്ലാം സർക്കാർ ആശുപത്രികളിലാണ് രോഗനിർണ്ണയത്തിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്?

**ഇ)** ഡെങ്കിപ്പനിയ്ക്കുള്ള രോഗനിർണ്ണയം എല്ലാ ജില്ലാ/ജനറൽ ആശുപത്രികളിലും ലഭ്യമാണ്. എച്ച്1 എൻ1 പനിയ്ക്കുള്ള രോഗനിർണ്ണയം ജില്ലാ ആശുപത്രികൾ മുതൽ ലഭ്യമാണ്. കൂടാതെ 6 റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലും, തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിലും പകർച്ചവ്യാധികൾ സ്ഥിരീകരിക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഡെങ്കി വൈറസുകളെ കണ്ടെത്തുന്നതിനുള്ള പി.സി.ആർ സൗകര്യം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിൽ ലഭ്യമാണ്.

**സെക്ഷൻ ഓഫീസർ**